ദ്ദേഹത്തിന്റെ കുടുംബവും സ്ഥിരീകരിച്ചിട്ടുണ്ട്.

ണ്ട മുമ്പ് വ്യക്തമാക്കിയതാണ്. മ

# ജനസമ്പർക്ക പരിപാടിക്ക് ഗംഭീര തുടക്കം

(പേജ് ഒന്നിലെ ബാക്കി)

കളിലും ജനസമ്പർക്ക പരിപാടി നടത്തുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചു.

എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കാൻ ആർക്കും സാധ്യമല്ല. എന്നാൽ പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങൾ പരിഹരിക്കുകതന്നെ വേണം. നിയമത്തിന്റെ നൂലാമാലകളിൽ കുടുങ്ങി സാധാരണക്കാരന് നീതി അപ്രാപ്യമാകുന്ന സാഹചര്യം സൃഷ്ടിക്കപ്പെടാൻ പാടില്ല. നിയമം ജനങ്ങൾക്കുവേണ്ടിയാണ്. ഈ ബോധം എല്ലാവർക്കും ഉണ്ടാകണമെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. പണിമുടക്ക് പോലും അവഗണിച്ച് ആയിരങ്ങൾ ഇവിടെയെത്തിയത് ശുഭസൂചനയാണ്. നാടിന്റെ നന്മക്ക് എല്ലാവരും എല്ലാം മറന്ന് ഒന്നിക്കണം. നല്ലകാര്യങ്ങൾ തുടങ്ങേണ്ടത് കോഴിക്കോട്ട് നിന്നാകണം എന്നതുകൊണ്ടാണ് ജനസമ്പർക്ക പരിപാടിയുടെ തുടക്കം ഇവിടെ നിശ്ചയിച്ചതെന്നും മുഖ്യമന്ത്രി പറഞ്ഞു.

കോഴിക്കോട്ട് പരിഹാരം കാണേണ്ട ധാരാളം പ്രശ്നങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. എല്ലാം സമയബന്ധിതമായി പരിഹരിക്കും. മെഡിക്കൽ കോളജ് മാലിന്യപ്രശ്നത്തിന് ഉടൻ പരിഹാരം കാണാൻ ശ്രമിക്കുമെന്ന് ഉമ്മൻചാണ്ടി സദസ്സിനെ അറിയിച്ചു. ജില്ലയിലെ കുടിവെള്ള പ്രശ്നത്തിന് അടിയന്തിര പരിഹാരം കാണാൻ വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കല്ലായ് പുഴ വീതികൂട്ടി നവീകരിക്കാൻ മൂന്നര കോടിരൂപ വകയിരുത്തിയിട്ടുണ്ട്. വെസ്റ്റ്ഹിൽ ശാന്തിനഗർ കോളനിയിൽ സർക്കാർ പ്രഖ്യാപിച്ച വികസന പദ്ധതികളുടെ പ്രവർത്തനം ഉടൻ തുടങ്ങും. മാറാട്ടെ ചെറിയ വ്യവസായ യൂണിറ്റുകൾ കഴിഞ്ഞാഴ്ച സന്ദർശിച്ചിരുന്നു. ഇവ പ്രവർത്തിക്കാനാവശ്യമായ സർക്കാർ ഓർഡറുകൾ നൽകണമെന്ന ആവശ്യം ഉയരുകയുണ്ടായി. മാറാട് പ്രദേശത്തെ പ്രിന്റിംഗ് യൂണിറ്റുകൾക്ക് പ്രവർത്തിക്കാനാവശ്യമായ ജോലികൊടുക്കണമെന്ന് പ്രിന്റിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. മാറാട് മാതൃകയിൽ നാദാപുരത്തും സൗഹൃദ കൂട്ടായ്മ വളർന്നുവരണം. ഇതിനായി സർക്കാർ സാധ്യമാകുന്നതൊക്കെ ചെയ്യും- ഉമ്മൻചാണ്ടി ചൂണ്ടിക്കാട്ടി.

പഞ്ചായത്ത്- സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ഡോ. എം.കെ മുനീർ മുഖ്യാതിഥിയായിരുന്നു. കോതി- പള്ളികണ്ടി വികസനത്തിന് മൂന്നരകോടി രൂപ നീക്കിവെച്ചിട്ടുണ്ടെന്നും രണ്ടാഴ്ചക്കകം ഇതു സംബന്ധിച്ച തീരുമാനമുണ്ടാകുമെന്നും മുനീർ അറിയിച്ചു. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി സാധാരണക്കാർ വലിയ പ്രതീക്ഷയോടെയാണ് കാണുന്നത്. ജനങ്ങളുടെ പ്രതീക്ഷക്കൊത്ത് സർക്കാർ പ്രവർത്തിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. എ. പ്രദീപ് കുമാർ എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. എം.കെ രാഘവൻ എം.പി. എം.എൽ.എമാരായ സി. മോയിൻകുട്ടി, വി.എം ഉമ്മർമാസ്റ്റർ, പുരുഷൻ കടലുണ്ടി, എ.കെ ശശീന്ദ്രൻ, ഇ.കെ വിജയൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കാനത്തിൽ ജമീല പ്രസംഗിച്ചു. ജില്ലാ കലക്ടർ ഡോ. പി.ബി സലിം സ്വാഗതം പറഞ്ഞു. മുസ്‌ലിംലീഗ് സംസ്ഥാന സെക്രട്ടറിമാരായ ടി.പി.എം സാഹിർ, എം.സി മായിൻഹാജി, ഡി.സി.സി പ്രസിഡന്റ് കെ.സി അബു, പി.വി ഗംഗാധരൻ, ടി.പി രാമകൃഷ്ണൻ, ടി. സിദ്ദീഖ്, മുക്കം മുഹമ്മദ്, എ.പി ആന്റണി, നജീബ് പാലക്കണ്ടി, എൻ. വിജയകൃഷ്ണൻ, കെ. ബാബു തുടങ്ങിയ കക്ഷി നേതാക്കളും ഉദ്യോഗസ്ഥ പ്രമുഖരും പങ്കെടുത്തു.

ജനസമ്പർക്ക പരിപാടിയിൽ ആകെ ഏഴായിരം പരാതികൾ എത്തി. ഇതിൽ മൂവായിരത്തോളം പരാതികൾക്ക് നേരത്തെ തന്നെ പരിഹാരം നിർദ്ദേശിച്ച് കാർഡ് നൽകിയതായി അധികൃതർ അറിയിച്ചു. പണിമുടക്ക് കാരണം ഇന്നലെ എത്താൻ സാധിക്കാതെ പോയവരുടെ പരാതികൾ 9ന് ഇതേ വേദിയിൽ സ്വീകരിക്കും. ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി ആയിരം കുടുംബങ്ങൾക്ക് പട്ടയം ചടങ്ങിൽവെച്ചുതന്നെ വിതരണം ചെയ്തു. പട്ടിക വർഗ വിഭാഗം വിദ്യാർത്ഥികളിൽനിന്നു ഉന്നത പഠനത്തിന് യോഗ്യത നേടിയ 24 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, ധനസഹായം, ചികിത്സാസഹായം എന്നിവയും വിതരണം ചെയ്തു.